പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2522 — 09/07/2015 - ൽ മറുപടിക്ക്

**സ്കൂളുകളിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും, വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചതുമായ വീഴ്ചകൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും, വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചതുമായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.<br><br>1. കുടിവെള്ളം ഗുണമേന്മ പരിശോധന നടത്താത്ത സ്കൂളുകൾ(ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്)<br>2. പാചക പുരയിൽ ശുചിത്വം ഇല്ലാത്തവ<br>3. പാചകക്കാർ ശുചിത്വം ഇല്ലാത്തവരോ/അസുഖം ഉള്ളവരോ ആയി കാണപ്പെട്ടവ.<br>4. പരിസരശുചിത്വം പാലിക്കാത്തവ<br>5. യൂറിനൽ, ടോയ്ലറ്റ് എന്നിവ ശുചിത്വം പാലിക്കാത്തവ<br>6. യൂറിനൽ, ടോയ്ലറ്റ് എന്നിവ കുട്ടികൾക്ക് ആനുപാതികമായി ഇല്ലാത്ത സ്കൂളുകൾ<br>7. കൊതുക് ജന്യരോഗ സാഹചര്യങ്ങൾ ഉള്ളവ<br>8. "പുകവലി നിരോധിത മേഖല" എന്ന ബോർഡ് ഇല്ലാത്തവ<br>9. "പുകയില ഉൽപന്നങ്ങൾ 100 വാര(91.4 മീറ്റർ)ചുറ്റളവിൽ വിൽക്കാൻ പാടില്ല" എന്ന ബോർഡ് ഇല്ലാത്തവ<br>10. സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത സ്കൂളുകൾ |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വീഴ്ചകൾ പരിഹരിക്കുന്നതിന് സ്കൂൾ അധികൃതർക്കും, നിയന്ത്രണാധികാരിക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ വർഷം ആരംഭിച്ചിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | അടിയന്തിര നടപടി സ്വീകരിക്കാൻ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ